പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2477 17.08.2017-ലെ മറുപടി

ശുദ്ധജലം ലഭ്യമാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. രാജഗോപാലൻ : | | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ | കാസറഗോഡ് താലൂക്കിലെയും പരിസരപ്രദേശങ്ങളിലെയും ജനങ്ങൾ വർഷങ്ങളായി ഉപ്പുവെള്ളം കുടിക്കേണ്ടി വരുന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിലുണ്ടായിട്ടും കാര്യക്ഷമമായ, സ്ഥായിയായ പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; ശാശ്വതമായ പദ്ധതി എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | എ | കാസറഗോഡ് കുടിവെള്ള പദ്ധതിയുടെ സ്രോതസ്സ് ചന്ദ്രഗിരി പുഴയിൽ ബാവിക്കര എന്ന സ്ഥലത്താണ്. പ്രസ്തുത സ്ഥലത്ത് സ്ഥിരം തടയണ നിർമ്മാണത്തിനുള്ള നടപടികൾ മൈനർ ഇറിഗേഷൻ വകുപ്പ് തുടങ്ങിയിട്ടുണ്ട്. ആയത് പൂർത്തിയായാൽ ഉപ്പ് വെള്ളം കുടിവെള്ളത്തിൽ കലരുന്നതിനു ശാശ്വത പരിഹാരം ഉണ്ടാവുന്നതാണ്.<br>ചെറുകിട ജലസേചനം, ഉപ്പുവെള്ള പ്രതിരോധം, കുടിവെള്ള ലഭ്യത എന്നീ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനായി കാസറഗോഡ് ജില്ലയിലെ മുളിയാർ പഞ്ചായത്തിൽ ബാവിക്കര റെഗുലേറ്റർ പദ്ധതി 2005-ൽ ആരംഭിച്ചു. സൈറ്റ് കണ്ടീഷനിൽ ഉണ്ടായ അപ്രതീക്ഷിതമായ വ്യതിയാനം കാരണം പ്രസ്തുത പ്രവൃത്തി നിർത്തി വയ്ക്കേണ്ടതായി വന്നു. സൈറ്റിന് അനുയോജ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു സാങ്കേതിക സമിതിയെ നിയോഗിച്ചു. വിദഗ്ധ സമിതിയുടെ നിർദ്ദേശങ്ങൾക്കും സൈറ്റ് കണ്ടീഷനിൽ ഉണ്ടായ വ്യതിയാനങ്ങൾക്കനുസരിച്ചും പുതുക്കിയ ഡിസൈൻ അനുസരിച്ചുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ജി.ഒ.(ആർ.റ്റി)നം.604/ 2017/ജവിവ. തീയതി.15.07.2017 പ്രകാരം 27.75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആഗസ്റ്റ് അവസാനത്തോടുകൂടി സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

RenukaSankar

സെക്ഷൻ ഓഫീസർ